സംസ്ഥാന ഗവൺമെന്റും കേന്ദ്ര ഗവൺമെന്റും കൂടി 10 കോടി രൂപ ഈ വ്യവസായത്തിലേയ്ക്ക് അടിയന്തിരമായി വിനിയോഗിക്കണമെന്ന ആവശ്യം സംയുക്ത സമര സമിതികൾ ഉന്നയിച്ചിട്ടുണ്ട്. അത് ഗവൺമെന്റ് പരിഗണിക്കുവാൻ തയ്യാറാകുമോ?

ശ്രീമതി സുശീലാ ഗോപാലൻ : എസൻഷ്യൽ കമ്മോഡിറ്റീസിൽപ്പെടുത്തിയാൽ കേന്ദ്ര ഗവൺമെന്റിന്റെ നിയന്ത്രണത്തിൻ കീഴിൽ വരുന്നത് നമുക്ക് ദോഷമാണെന്നും തൊണ്ട് വില നിയന്ത്രണവും അതിനെതുടർന്ന് ദീർഘകാലം ഈ രാജ്യത്ത് നിലവിലിരിക്കുന്ന നയം കേരളത്തിന് ദോഷമാണെന്നു തെളിയിക്കുകയും അവസാനം അത് പിൻവലിക്കുകയുമാണ് ഉണ്ടായത്. ഇത് എസൻഷ്യൽ കമ്മോഡിറ്റീസിൽപ്പെടുത്തുന്നത് ശരിയല്ല. ഞങ്ങൾ അതിനെ എതിർക്കുന്നുവെന്ന് പറഞ്ഞു. ആ കാര്യം ഞങ്ങൾകേന്ദ്രത്തെ അറിയിച്ചിട്ടുണ്ട്. എസൻഷ്യൽ ആർട്ടിക്കിൾസിൽപ്പെടുത്തി സംസ്ഥാന ഗവൺമെന്റിന്റെ കീഴിൽ കൊണ്ടുവരണമെന്നുള്ള കാര്യംവരെ അറിയിച്ചിട്ടുണ്ട്. ഇത് കെട്ടിക്കിടക്കുന്ന കയറും കയറുൽപ്പന്നങ്ങളും വാങ്ങിക്കുന്നതിന് പരമാവധി പരിശ്രമം നടത്തുകയാണ്. കേന്ദ്ര ഗവൺമെന്റിൽ നിവേദനം നൽകിയിട്ടുണ്ട്. അടുത്ത ദിവസം ഞാൻ ഡെൽഹിയിൽപോകുമ്പോൾ വളരെ ശക്തമായ സമ്മർദ്ദം ചെലുത്തുവാൻ ശ്രമിക്കാം. സംസ്ഥാന ഗവൺമെന്റിന് സാമ്പത്തിക പ്രതിബന്ധങ്ങളും മറ്റുമൊക്കെ ഉണ്ടെങ്കിലും അതിനിടയിൽ ചെയ്യാവുന്ന കാര്യങ്ങൾ ചെയ്യുന്നുണ്ട്. കയർ കോർപ്പറേഷനും കയർഫെഡും പരമാവധി ഉൽപ്പന്നങ്ങൾ വാങ്ങി ശേഖരിക്കുന്നതിനു ആവശ്യമായ കാര്യങ്ങളൊക്കെ ചെയ്തുകൊണ്ടിരിക്കുകയാണ്. കൂടുതൽ പണം ലഭിക്കുന്നതനുസരിച്ച് തീർച്ചയായും ആവശ്യമായ കാര്യങ്ങൾ ചെയ്യും. ബാങ്കിൽനിന്ന് ലോൺ എടുത്താണെങ്കിലും ഇതു കൂടുതൽ പർച്ചേസ് ചെയ്യണമെന്ന് കയർ കോർപ്പറേഷനും കയർ ഫെഡിനും ഞങ്ങൾ നിർദ്ദേശം കൊടുത്തിട്ടുണ്ട്.

V. ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

കേന്ദ്ര റെയിൽവേ ബഡ്ജറ്റിൽ സംസ്ഥാനത്തോട് കാണിച്ച അവഗണന

ധനകാര്യ വകുപ്പുമന്ത്രി ശ്രീ. ടി. ശിവദാസമേനോൻ : സർ, ഫെബ്രുവരി 25-ാം തീയതി പാർലമെന്റിൽ അവതരിപ്പിച്ച റെയിൽവേ ബഡ്ജറ്റ് നമ്മുടെ സംസ്ഥാനത്തെ വളരെ ദോഷകരമായി ബാധിച്ചിരിക്കുകയാണ്. പുതിയ ട്രെയിനില്ല, പുതിയ പാതകളില്ല, പുതിയ പദ്ധതികളില്ല, പുതിയ പാത ഇരട്ടിപ്പിക്കലില്ല അങ്ങനെ കേരളത്തെ സംബന്ധിച്ചിടത്തോളം തീർത്തും ഇല്ലായ്മയുടെ ബഡ്ജറ്റാണിത്. കേരളത്തിനുവേണ്ടി മുൻപ് പ്രഖ്യാപിച്ചിരുന്ന പദ്ധതികൾ പൂർത്തിയായിട്ടില്ല. പൂർത്തിയാക്കാനോ വേഗത്തിലാക്കാനോ ആവശ്യമായ യാതൊന്നും ഈ ബഡ്ജറ്റിലില്ല. വൈദ്യുതീകരണത്തിന്റെ കാര്യത്തിലായാലും കേരളത്തോടുകാണിച്ചിട്ടുള്ള കടുത്ത അവഗണനയാണ്. ചരക്ക് കൃഷി ഇനത്തിൽ 600 കോടി രൂപയുടെ അധികഭാരം അടിച്ചേൽപ്പിച്ചിരിക്കുകയാണ്. 5 ശതമാനത്തിലധികം വർദ്ധനവ് വരുത്തിയിട്ടുണ്ട്. ചില സാധനങ്ങളെ ഒഴിവാക്കിയിട്ടുണ്ട്. രാസവളം, രാസവസ്തുക്കൾ, കന്നുകാലികൾ എന്നിവയ്ക്ക് ക്രമാതീതമായി ചരക്കുകൂലി വർദ്ധിപ്പിച്ചു. 11 മുതൽ 47 ശതമാനം വരെ വർദ്ധനവാണ് നിർദ്ദേശിച്ചിരിക്കുന്നത്. ഒഴിവാക്കപ്പെടാനാകാത്ത നിരവധി ഇനങ്ങൾ നിത്യേന ഇറക്കുമതി ചെയ്യുന്ന സംസ്ഥാനമാണ് തെക്കേ

LIBRARY ARCHIVES Kerala Legislative Assembly

അറ്റത്തു കിടക്കുന്ന കേരളം. ഭൂമിശാസ്ത്രപരമായി ഈ പ്രത്യേകത പരിഗണിച്ചുകൊണ്ടുതന്നെ കേരളത്തിനു വിശേഷ പരിഗണന നൽകേണ്ടതായിരുന്നു. അതു ഉണ്ടായിട്ടില്ല എന്നു മാത്രമല്ല. വ്യാപകമായ വിലക്കയറ്റത്തിനു തിരികൊളുത്താൻ പാകത്തിന് ചരക്കുകൂലി കുത്തനെ കൂടിയിരിക്കുകയാണ്. റെയിൽവേ മന്ത്രിയായി കുമാരി മമതാബാനർജി ചാർജ് എടുത്തപ്പോൾ തന്നെ കേരളത്തിന്റെ ആവശ്യങ്ങളുടെ നീണ്ട പട്ടിക മുഖ്യമന്ത്രി അവരുടെ ശ്രദ്ധയിൽകൊണ്ടുവന്നിരുന്നു. ഷൊർണ്ണൂർ-മാംഗ്ലൂർ റെയിൽവേ ഇരട്ടിപ്പിക്കൽ, തിരുവനന്തപുരം എറണാകുളം ലൈൻ ഇരട്ടിപ്പിക്കൽ, കോച്ച് ഫാക്ടറി സ്ഥാപിക്കൽ, തലശ്ശേരി-മൈസൂർ, കോട്ടയം പുനലൂർ, ശബരിമല, കുറ്റിപ്പുറം, ഗുരുവായൂർ എന്നീ പാതകളുടെ പണി തുടങ്ങൽ, ഇങ്ങനെ വിവിധ ഭാഗങ്ങളിൽ താമസിക്കുന്നവർക്കുവേണ്ടി അന്യ സംസ്ഥാനങ്ങളിൽ നിന്ന് തിരുവനന്തപുരത്തേയ്ക്കുള്ള പുതിയ ട്രെയിനുകൾ മംഗലാപുരത്തിനും തിരുവനന്തപുരത്തിനും ഇടയ്ക്കുള്ള ഗാരേജ് ട്രെയിനുകൾ എന്നീ ആവശ്യങ്ങൾ നവംബർ 26-ാം തീയതിയിലെ കത്തിൽ തന്നെ സൂചിപ്പിച്ചിട്ടുണ്ടായിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നവംബർ 26-ാം തീയതിയിലെ കത്തിൽ മംഗലാപുരത്തിനും തിരുവനന്തപുരത്തിനും ഇടയ്ക്ക് അധിക ട്രെയിനുകൾ അനുവദിക്കേണ്ട ആവശ്യകതയെക്കുറിച്ചും പറഞ്ഞിട്ടുണ്ട്. എറണാകുളം-തിരുവനന്തപുരം പാതയുടെ വൈദ്യുതീകരണത്തിന്റെ ക്ളിയറൻസിനുവേണ്ടി ഡെപ്യൂട്ടി പ്ലാനിംഗ് ചെയർമാൻ ശ്രീ. കെ.സി. പാന്തിന് 24-2-2000-ത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി കത്തെഴുതി. അന്നുതന്നെ നമ്മുടെ ആവശ്യങ്ങൾ റെയിൽവേ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും ബഡ്ജറ്റിൽ വേണ്ട തുക ഉൾക്കൊള്ളിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. കേന്ദ്രഗവൺമെന്റ് നമ്മുടെ താൽപര്യങ്ങൾക്ക് യാതൊരു വിലയും കൽപ്പിച്ചിട്ടില്ല. സ്വന്തം രാഷ്ട്രീയതാൽപര്യത്തിനു മീതെ ബി.ജെ.പി-യുടെ താൽപര്യങ്ങൾക്ക് വില കൽപ്പിക്കുന്ന ഒരു ബഡ്ജറ്റാണിത്. എൻ.ഡി.എ-യുടെ താൽപര്യങ്ങൾക്ക് വില കൽപ്പിക്കുന്ന ഒരു ബഡ്ജറ്റാണിത്. എൻ.ഡി.എ-യുടെ സഖ്യകക്ഷികളെ പ്രീണിപ്പിക്കാൻ പ്രത്യേക പരാമർശങ്ങൾ ഈ ബഡ്ജറ്റിലുണ്ട്. അവർ ഭരിക്കുന്ന സംസ്ഥാനങ്ങൾക്ക് പ്രത്യേക പരിഗണന നൽകിയിട്ടുണ്ട്. അതേ സമയം കേരളത്തെക്കുറിച്ച് ഒരു പരാമർശവുമില്ല. രാജ്യത്തെ എല്ലാ സംസ്ഥാനങ്ങളുടെയും സമതുലിതമായ വികസനം എന്ന സങ്കൽപ്പത്തെ കാറ്റിൽ പറത്തി ഇതര സംസ്ഥാനങ്ങളെ ചൂഷണം ചെയ്ത് ബി.ജെ.പി. ഭരണസംസ്ഥാനങ്ങളെ പോഷിപ്പിക്കുന്ന ഒരു സമീപനമാണ് ഈ ബഡ്ജറ്റിൽ പ്രതിഫലിച്ചു കാണുന്നത്. ഇത് നമ്മുടെ രാജ്യത്തിന്റെ ഫെഡറൽ ഘടനയ്ക്ക് ആപൽക്കരമാണ്. 17.2.2000-ത്തിൽ കൂടിയ എം.പി-മാരുടെ യോഗത്തിൽ കേരളത്തിന്റെ ആവശ്യങ്ങൾക്കു വേണ്ടി ശക്തമായ സമ്മർദ്ധം കേന്ദ്രത്തിൽ ചെലുത്തണമെന്ന് ആവശ്യപ്പെട്ടിരുന്നു. നമ്മുടെ എം.പി.-മാർ ഈ ആവശ്യം പരിപൂർണ്ണമായി ഉൾക്കൊള്ളുകയും ഒറ്റക്കെട്ടായി പാർലമെന്റ് കവാടത്തിൽ ശക്തമായി പ്രതിഷേധമുയർത്തുകയും പ്രകടനം നടത്തുകയും ചെയ്തു. കേരളജനതയോടുള്ള ഈ അവഗണന ദേശീയ ശ്രദ്ധയിൽകൊണ്ടുവരുന്നതിന് യോജിച്ചു പ്രവർത്തിച്ച നമ്മുടെ എം.പി.മാരെ ഈ അവസരത്തിൽ നമുക്കു അഭിനന്ദിക്കാം. കേരളത്തോടുള്ള വിവേചനത്തിന്റെ കണക്കു പറയുകയാണെങ്കിൽ ഫിനാൻസ് കമ്മിഷന്റെ മാനദണ്ഡമനുസരിച്ച് പതിനൊന്നായിരം കോടി രൂപയുടെ നാലു ശതമാനം നമുക്കു കിട്ടണം. എന്നു വച്ചാൽ 440 കോടിയാണ് നമുക്കു കിട്ടേണ്ടത്. ജനസംഖ്യാനുപാതത്തിൽ നോക്കിയാൽ നമുക്കു 3 per cent of India's population ആണ് കിട്ടേണ്ടത്. 3 ശതമാനം അതായത് 330

LIBRARY ARCHIVES Kerala Legislative Assembly

കോടി രൂപ കിട്ടണം. ഈ രണ്ടു നിലയ്ക്കായാലും 440 കോടിയാണ് കിട്ടേണ്ടത്. 330 കോടിക്കാണെങ്കിൽ പോപ്പുലേഷന് പ്രൊപ്പോർഷനേറ്റാകും. 150 കോടി രൂപ മാത്രമാണ് നമുക്ക് നീക്കിവച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട പി.ഡബ്ല്യൂ.ഡി. വകുപ്പുമന്ത്രിയും എം.പി.-മാരെ കണ്ടിരുന്നു. അവർ വളരെ ശക്തമായ രീതിയിൽ താഴെപ്പറയുന്ന കാര്യങ്ങൾക്ക് കോൺക്രീറ്റായിട്ട് ഫൈറ്റ് ചെയ്യാൻ പോവുകയാണ്. മംഗലാപുരം മുതൽ തിരുവനന്തപുരം വരെ ഡബ്ലിംഗ് അടിയന്തിരമായി പൂർത്തിയാക്കുക, കോട്ടയം വഴിയും ആലപ്പുഴ വഴിയും ഇലക്ട്രിഫിക്കേഷൻ എല്ലാ സ്റ്റേഷനുമായി ബന്ധപ്പെടുത്തി പൂർത്തിയാക്കുക, തിരുവനന്തപുരം-ഡെൽഹി രാജധാനി സർവ്വീസ് ആഴ്ചയിൽ രണ്ടു ദിവസമുള്ളത് ദിവസേനയാക്കുക, മംഗലാപുരം-തിരുവനന്തപുരം റൂട്ടിൽ ഒരു ട്രെയിൽ കൂടി ആരംഭിക്കുക, പാലക്കാട്-ഒറ്റപ്പാലം-ചെന്നൈ വഴി ഡെൽഹിക്ക് ഒരു ട്രെയിൻ കൂടി ആരംഭിക്കുക എന്നിവയാണ്. ഇത് വളരെ മിതമായ ഒരു ആവശ്യമാണ്. നമ്മുടെ എം.പി-മാർ കക്ഷി രാഷ്ട്രീയ പരിഗണനയില്ലാതെ യോജിച്ചെടുത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പാർലമെന്റിനകത്ത് അജിറ്റേറ്റ് ചെയ്യാൻ പോവുകയാണ്. അവരെ നമുക്കു അഭിനന്ദിക്കാം. അങ്ങയോട് ഒരു അപേക്ഷയുണ്ട്.ഈ സ്റ്റേറ്റ്മെന്റിനു ശേഷം അങ്ങയുടെ അനുവാദത്തോടുകൂടി, സഭയുടെ അനുവാദത്തോടുകൂടി ഒരു പ്രമേയം അവതരിപ്പിക്കാൻ പോവുകയാണ്. An important matter of public interest. ചട്ടം 300 -ൽ വരുന്നതാണ്. അതിൽ ചോദ്യവും ഉത്തരവുമില്ല. ചട്ടം 300-നു മുകളിൽ റെസല്യൂഷൻ കൊണ്ടുവന്ന പ്രീസിഡന്റുണ്ട്. ഞാൻ പ്രതിപക്ഷനേതാവുമായി സംസാരിച്ചശേഷമാണ് ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവനക്ക് നോട്ടീസ് കൊടുത്തത്. അദ്ദേഹത്തിന്റെ അനുവാദത്തോടുകൂടിയാണ് ഇവിടെ പ്രമേയം കൊണ്ടുവന്നത്. അതുകൊണ്ട് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനുകൂടി സംസാരിക്കാനുള്ള അവസരം കൊടുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. അദ്ദേഹം കൂടി സംസാരിച്ച ശേഷം ഈ പ്രമേയം ഐകകണ്ഠ്യേന അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ മിസ്റ്റർ സ്പീക്കർ]

പ്രതിപക്ഷനേതാവ് (ശ്രീ. എ.കെ. ആന്റണി) : സർ, ഗവൺമെന്റിനു വേണ്ടി ബഹുമാനപ്പട്ട ധനകാര്യവകുപ്പുമന്ത്രി പ്രകടിപ്പിച്ച വികാരങ്ങളോട് യോജിക്കുകയാണ്. ഈ വർഷത്തെ റയിൽവേ ബഡ്ജറ്റ് കേരളത്തിലെ ജനങ്ങൾ വളരെ പ്രതീക്ഷയോടുകൂടിയാണ് കാത്തിരുന്നത്. രാഷ്ട്രീയമായ അഭിപ്രായവ്യത്യാസങ്ങൾ എന്തൊക്കെയുണ്ടെങ്കിലും കഴിഞ്ഞ വർഷം റെയിൽവേ ബഡ്ജറ്റ് അവതരിപ്പിച്ച കേന്ദ്രമന്ത്രി ശ്രീ.നിതീഷ് കുമാർ കേരളത്തോട് പൊതുവേ നീതി പുലർത്താൻ താൽപര്യമെടുത്തിരുന്നു. അതുകൊണ്ട് നമ്മുടെ റയിൽവേ വികസനത്തിനുള്ള അടങ്കൽ തുക കഴിഞ്ഞ വർഷം കാര്യമായി വദ്ധിപ്പിച്ചുകിട്ടി. കഴിഞ്ഞ വർഷത്തെ വർദ്ധനവിന്റെ അനുഭവം കൂടി കണക്കിലെടുത്ത് ഇത്തവണ കാര്യമായ ഒരു വർദ്ധനവ്, അടങ്കൽ തുകയിലുണ്ടാകുമെന്നും കൂടുതൽ പദ്ധതികളുണ്ടാകുമെന്നും ജനങ്ങൾ സ്വാഭാവികമായി പ്രതീക്ഷിച്ചു. കഴിഞ്ഞ വർഷത്തേക്കാൾ റയിൽവേ ബഡ്ജറ്റിന്റെ മൊത്തം തുകയിൽ കാര്യമായ വർദ്ധനവുണ്ട്. പക്ഷെ ബഡ്ജറ്റിന്റെ വായന പൂർത്തിയാക്കിയപ്പാൾ കേരളത്തിലെ ജനങ്ങളെയൊട്ടാകെ പ്രതിനിധീകരിക്കുന്ന നമ്മുടെ പാർലമെന്റു മെമ്പർമാർ എല്ലാവരും സ്തംഭിച്ചിരുന്നു. നിരാശാജനകമായ ഒരു ബഡ്ജറ്റാണ് ഇത്തവണ പാർലമെന്റിൽ റയിൽവേ വകുപ്പു മന്ത്രി അവതരിപ്പിച്ചത്. ഈ ബഡ്ജറ്റ് അവതരിപ്പിച്ചയുടൻ തന്നെ ഭരണകക്ഷി

LIBRARY ARCHIVES Kerala Legislative Assembly

പ്രതിപക്ഷ വ്യത്യാസമില്ലാതെ നമ്മുടെ പാർലമെന്റ് മെമ്പർമാർ പ്രകടിപ്പിച്ച യോജിച്ച പ്രതിഷേധം നമുക്കെല്ലാം ആവേശമുണ്ടാക്കുന്നതാണ്. രാഷ്ട്രീയ കാര്യങ്ങളിൽ തർക്കിക്കാറുണ്ടെങ്കിലും സംസ്ഥാനത്തെയും ജനങ്ങളെയും ബാധിക്കുന്ന പ്രശ്നം വന്നപ്പോൾ കേരളത്തിലെ മുഴുവൻ മെമ്പർമാരും വളരെ ശക്തമായി പ്രതികരിച്ചതിൽ ആ മെമ്പർമാരെ ഈ അവസരത്തിൽ കേരളത്തിലെ ജനങ്ങൾക്കുവേണ്ടി ഞാൻ അഭിനന്ദിക്കുകയാണ്. ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി പറഞ്ഞതുപോലെ, ഇത്തവണ പുതിയ പദ്ധതികളും നമുക്കില്ല. പുതിയ ലൈനുകളുമില്ല, പുതിയ ട്രെയിനുകളുമില്ല. ഇലക്ട്രിഫിക്കേഷന്റെ പുതിയ പദ്ധതികളുമില്ല. പുതിയ കോച്ചുകൾ പോലും അനുവദിച്ചിട്ടില്ല. ഇന്ന് നമ്മുടെ ദീർഘദൂരട്രെയിനുകളിലെ കോച്ചുകളിൽ നിന്ന് ദുർഗന്ധം വമിച്ചിട്ട് അകത്തു കയറാൻ തന്നെ പറ്റാത്ത സാഹചര്യമാണ്. ഓൺ ഗോയിംഗ് പ്രോജക്ടുകൾ കണ്ടിന്യൂ ചെയ്യാനുള്ള തുക മാത്രമാണ് ആകെ നമുക്കു തന്നിരിക്കുന്നത്. ഓൺ ഗോയിംഗ് പ്രോജക്ടിനുവേണ്ടി നീക്കിവച്ചിരിക്കുന്ന തുക തന്നെ അപര്യാപ്തമാണ്. നമുക്ക് ആവശ്യമായിട്ടുള്ള തുകയില്ല. കുറച്ചുകൂടി ഉദാരമായ സമീപനം കൈക്കൊണ്ടിരുന്നുവെങ്കിൽ മംഗലാപുരം-ഷൊർണ്ണൂർ പാത ഇരട്ടിപ്പിക്കലിന്റെ പണി കുറേക്കൂടി വേഗതയിൽ കൊണ്ടു പോകാൻ സാധിക്കുമായിരുന്നു. അതുപോലെ തന്നെ ഇലക്ട്രിഫിക്കേഷനും നമുക്ക് വേഗത്തിൽ കൊണ്ടുപോകാൻ സാധിക്കും. ഓൺ ഗോയിംഗ് പ്രോജക്ടുകൾ പൂർത്തീകരിക്കണമെങ്കിൽപോലും റെയിൽവേ വകുപ്പുമന്ത്രി നിലപാട് തിരുത്തി കേരളത്തെ സഹായിക്കാൻ മുന്നോട്ടു വരണം. ഇത് രാഷ്ട്രീയമായൊരു വിവേചനമാണെന്നുള്ള തർക്കത്തിലേക്ക് ഞാൻ പോകുന്നില്ല. കാരണം. റെയിൽവേ വകുപ്പുമന്ത്രി ഏറ്റവും കൂടുതൽ സഹായം ചെയ്തത് പശ്ചിമ ബംഗാളിനാണ് അതുപോലെ തമിഴ്നാടിനും കർണ്ണാടകത്തിനുമൊക്കെ സഹായം കൊടുത്തിട്ടുണ്ട്. യഥാർത്ഥത്തിൽ ഇതൊരു ബംഗാൾ ബഡ്ജറ്റാണ്. കേന്ദ്ര ഗവൺമെന്റ് നമുക്കു കഴിഞ്ഞ പ്രാവശ്യം നൽകിയ സഹായം ഇത്തവണയും പ്രതീക്ഷിച്ചു. പകരം, കഴിഞ്ഞ പ്രാവശ്യത്തേക്കാൾ വളരെ പുറകോട്ടു പോയിരിക്കുകയാണ്. അത് ഒട്ടും ശരിയല്ല. ഗവൺമെന്റ് നിലപാട് തിരുത്തണം. റെയിൽവേ വകുപ്പുമന്ത്രിയുടെ മറുപടി പ്രസംഗത്തിന്റെ അവസരത്തിൽ, മന്ത്രിക്ക് ഇതു തിരുത്താനുള്ള അവസരമുണ്ട്. അതുകൊണ്ട് കേരളത്തോട് നീതി പുലർത്തണം. അടങ്കൽ തുക വർദ്ധിപ്പിക്കണം. ഏറ്റവും കൂടുതൽ ദീർഘദൂരസഞ്ചാരികളുണ്ടെന്നുള്ള നിലയിൽ നമുക്കു പുതിയ ട്രെയിനുകളുണ്ടാകണം, ഓൺ ഗോയിംഗ് പ്രോജക്ടുകൾ പൂർത്തീകരിക്കാൻ കൂടുതൽ തുക കൊള്ളിക്കാൻ തയ്യാറാകണം. കേരളത്തിൽ വന്ന കേന്ദ്രമന്ത്രിമാരെല്ലാം പ്രഖ്യാപിച്ചതാണ് അങ്കമാലി-ശബരി പാത ഉടൻ പ്രവർത്തനമാരംഭിക്കുമെന്ന്; ഒരു കോടി രൂപയാണ് അതിനുവേണ്ടി നീക്കിവച്ചിരുന്നത്. ആ വാഗ്ദാനം പാലിക്കണം. കേരളത്തിലെ ജനങ്ങളുടെ വികാരം മാനിച്ചുകൊണ്ട് കേരളത്തിന് റെയിൽവേ വകുപ്പുമന്ത്രി കൂടുതൽ ആനുകൂല്യങ്ങൾ പ്രഖ്യാപിക്കാൻ തയ്യാറാകണം. പുതിയ പദ്ധതികളുണ്ടാകണം കൂടുതൽ ട്രെയിൻ സർവ്വീസുകളുണ്ടാകണം. ഇതുപറയുന്ന അവസരത്തിൽ ഞാനൊരുകാര്യം പറയാൻ ആഗ്രഹിക്കുന്നു. ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിയുടെ സ്റ്റേറ്റുമെന്റിലെ ചില പരാമർശങ്ങൾ കേട്ടപ്പോൾ ഒന്നും പറയാതെ പോകുന്നത് ശരിയല്ല. കുമാരി മമതാ ബാനർജി മന്ത്രിയായി ചാർജെടുത്ത ഉടൻതന്നെ മുഖ്യമന്ത്രി റെയിൽവേവകുപ്പുന്ത്രിയെക്കൊണ്ട് കേരളത്തിന്റെ കാര്യം ഉന്നയിച്ചു എന്ന് ധനകാര്യമന്ത്രി പറഞ്ഞു. പിന്നിട് കത്തുകളുടെയും ഫാക്സുകളുടെയും കാര്യം മാത്രമേ പറയുന്നുള്ളു. സാധാ

LIBRARY ARCHIVES Kerala Legislative Assembly

രണഗതിയിൽ ഗവൺമെന്റ് ബഡ്ജറ്റ് അവതരിപ്പിക്കുന്ന ഘട്ടം അത് കേന്ദ്ര ബഡ്ജറ്റാകട്ടെ, റെയിൽവേ ബഡ്ജറ്റാകട്ടെ, പ്രീ ബഡ്ജറ്റ് ഡിസ്ക്കഷനാണ് ബഡ്ജറ്റിന്റെ ഏറ്റവും പ്രധാനപ്പെട്ട ഭാഗം. ആവശ്യക്കാർ പ്രീ-ബഡ്ജറ്റ് ഡിസ്ക്കഷന്റെ സമയത്താണ് പറയുന്നത്. നമ്മുടെ സംസ്ഥാനത്തു സ്ഥിതി അതല്ലല്ലോ. പ്രീ ബഡ്ജറ്റ് സമയത്ത്ധനകാര്യവകുപ്പുമന്ത്രിക്ക് എത്രയോ നിവേദനം കൊടുക്കും. ബഡ്ജറ്റിന്റെ അവസാനത്തെ ആഴ്ചകളിൽ കൊടുക്കുന്ന നിവേദനങ്ങൾക്കും അപ്പോൾ കാണിക്കുന്ന താല്പര്യങ്ങൾക്കുമാണ് കൂടുതൽ ശ്രദ്ധ. അന്ന് നമ്മൾ ഇന്റർവീൻ ചെയ്തില്ല. അതേസമയം കർണ്ണാടക മുഖ്യമന്ത്രിയും തമിഴ്നാട് മുഖ്യമന്ത്രിയും മറ്റു സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാരുമെല്ലാം പ്രീ ബഡ്ജറ്റ് ഡിസ്ക്കഷൻ സമയത്ത് പ്രധാനമന്ത്രിയേയും ധനകാര്യവകുപ്പുമന്ത്രിയേയും റെയിൽവേ വകുപ്പുമന്ത്രിയേയും കണ്ട് കാര്യമായ സമ്മർദ്ദം ചെലുത്തിയിട്ടുണ്ട്. പ്രീ-ബഡ്ജറ്റ് ഡിസ്ക്കഷൻ സമയത്ത് നമ്മൾ ചെയ്തത് കത്തയയ്ക്കുകയും ഫാക്സ് അയയ്ക്കുകയും മാത്രമാണ്. അതൊരു വലിയ വീഴ്ചയായി. ഞാൻ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിയുടെ സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ പറയുകയാണ്. ആ സ്റ്റേറ്റുമെന്റിൽ ഒരിക്കൽപ്പോലും ഈ പ്രീ കാലഘട്ടത്തിൽ, ബഡ്ജറ്റ് തയ്യാറാക്കുന്ന അവസാനത്തെ ഒന്നുരണ്ടാഴ്ചക്കാലത്ത് കേരളത്തിലെ മുഖ്യമന്ത്രിയാകട്ടെ, ഒരു മന്ത്രിയും ഈ റെയിൽവേ വികസന കാര്യത്തിൽ പ്രധാനമന്ത്രിയേയോ അല്ലെങ്കിൽ റെയിൽവേ വകുപ്പുമന്ത്രിയേയോ കണ്ട് സംസാരിച്ചതായി റിക്കോർഡില്ല; ബഹുമാനപ്പെട്ട മന്ത്രിയും പറഞ്ഞിട്ടില്ല. അത് വളരെ നിർഭാഗ്യകരമായിപ്പോയി, അത് വളരെ ഗുരുതരമായ വീഴ്ചയാണ്. അത്തരം വീഴ്ചകൾ നാളെ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കണം. കരയുന്ന കുഞ്ഞിനേ പാല് കിട്ടുകയുള്ളു. നമ്മൾ കത്തയച്ചാലും ഫാക്സ് അയച്ചാലും അത് പലപ്പോഴും ആരും ശ്രദ്ധിക്കില്ല. അതുകൊണ്ട് പറയേണ്ട കാര്യങ്ങൾ നേരത്തെ പോയി പറയണം കേന്ദ്ര ധനകാര്യവകുപ്പുമന്ത്രിയോട് പറയേണ്ട കാര്യങ്ങൾ നേരെ തന്നെ പോയി പറയണം. പ്രധാനമന്ത്രിയോട് പറയേണ്ട കാര്യങ്ങൾ പ്രധാനമന്ത്രിയോട് നേരിട്ടു പറയണം. കേന്ദ്ര ധനകാര്യവകുപ്പുമന്ത്രിയോട് പറയേണ്ട കാര്യങ്ങൾ നേരിട്ടുതന്നെ പറയണം; റെയിൽവേ വകുപ്പുമന്ത്രിയോട് പറയേണ്ട കാര്യങ്ങൾ നേരിട്ടു പറയണം. അതിനുപകരം കത്തും ഫാക്സുമെന്നുള്ള നമ്മുടെ സ്ഥിരം ശൈലി ഉപേക്ഷിക്കേണ്ടതിന്റെ ആവശ്യകത നമുക്ക് നേരിട്ട് ബോദ്ധ്യപ്പെടുത്തുന്നതിന്റെ ഉദാഹരണമാണ് ഇപ്പോഴുണ്ടായിട്ടുള്ളത്. ഏതായാലും അതിന്റെ പേരിൽ നമ്മെ അവഗണിച്ചതിന് ന്യായീകരണമില്ല. കുമാരി മമതാ ബാനർജിയിൽ നിന്നും കേരളം കൂടുതൽ പ്രതീക്ഷിച്ചിരുന്നു. കാരണം ബംഗാൾ, കേരളം എന്നുപറഞ്ഞാൽ വികാരപരമായി ബന്ധമുള്ള രണ്ട് സംസ്ഥാനങ്ങളാണ്. ആ സംസ്ഥാനത്തുനിന്നും വന്ന സഹോദരി കേന്ദ്രത്തിൽ ആദ്യമായി റെയിൽവേ വകുപ്പുമന്ത്രിയാകുന്ന അവസരത്തിൽ കേരളത്തിന് പരമാവധി സഹായം ചെയ്യുമെന്നാണ് പ്രതീക്ഷിച്ചിരുന്നത്. സഹായത്തിനുപകരം നമ്മുടെ എല്ലാ കണക്കുകൂട്ടലുകളെയും തെറ്റിച്ചുകൊണ്ട് കേരളത്തോട് തീർത്തും അവഗണന കാണിച്ചിരിക്കുകയാണ്. ഈ അവഗണനയ്ക്ക് പരിഹാരമുണ്ടാകണം. കേന്ദ്രം നിലപാട് തിരുത്തണം. റെയിൽവേ വകുപ്പുമന്ത്രി മറുപടി പറയുന്ന അവസരത്തിൽ നമ്മോടുള്ള അവഗണന തിരുത്തിക്കൊണ്ട് നമുക്ക് പുതിയ ട്രെയിൻ സർവ്വീസ് ആരംഭിക്കണം; ദീർഘദൂര ട്രെയിൻ കിട്ടണം; ഇന്നുള്ള ഓൺ ഗോയിംഗ് വർക്ക്സിനെല്ലാം വേഗത്തിൽ പൂർത്തീകരിക്കാനാവശ്യമായ അടങ്കൽ തുക വർദ്ധിപ്പിക്കണം. അതിനുവേണ്ടി ഗവൺമെന്റ് എടുക്കുന്ന ഏതു നീക്കത്തിനും പ്രതിപക്ഷത്തിന്റെ സമ്പൂർണ്ണ

LIBRARY ARCHIVES Kerala Legislative Assembly

സഹകരണമുണ്ടാകും. ഈ കാര്യത്തിൽ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി പ്രകടിപ്പിച്ച വികാരത്തോട് ഞാൻ യോജിക്കുന്നു. ഇക്കാര്യത്തിൽ നമ്മുടെ പാർലമെന്റ് മെമ്പർമാർ ഒരുമിച്ചുനിന്നതുപോലെ തന്നെ ഈ നിയമസഭയ്ക്കകത്ത് നമുക്ക് ഒരുമിച്ചു നിന്നുകൊണ്ട് കേന്ദ്രത്തോട് കേരളത്തിന്റെ ന്യായമായ അവകാശങ്ങൾ അനുവദിച്ചുതരണമെന്ന് ആവശ്യപ്പെടാം. അതിനോട് പ്രതിപക്ഷം യോജിക്കുകയാണ്.

ധനകാര്യ വകുപ്പുമന്ത്രി ശ്രീ. ടി. ശിവദാസമേനോൻ : സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെ പ്രകടിപ്പിച്ച വികാരം 100 കോടി ജനങ്ങൾ ഏകസ്വരത്തിൽ ഇതിനെതിരായി ശബ്ദിക്കണമെന്നാണ്. ആ പോയിന്റിൽ ഗവൺമെന്റും പ്രതിപക്ഷവും തമ്മിൽ യാതൊരു വ്യത്യാസവുമില്ല. ഉണ്ടാവുകയുമില്ല. എന്നാലേ നമ്മുടെ സംസ്ഥാനത്തിന് രക്ഷയുള്ളു. അതുകൊണ്ട് ഇവിടത്തെ മൂന്നുകോടി ജനങ്ങൾ ഒരൊറ്റ ജനത എന്നാണ് പറയുന്നത്. 'ഒരേ ഒരിന്ത്യ, ഒരൊറ്റ ജനത'. പക്ഷേ അതൊക്കെ കാറ്റിൽ പറത്തിയിരിക്കുകയാണ്. ഏതായാലും ഞാൻ അതിലേയ്ക്കൊന്നും കടക്കുന്നില്ല. കുമാരി മമതാ ബാനർജിയെ മുഖ്യമന്ത്രി കണ്ടു, പക്ഷെ ആ രാഷ്ട്രീയ വിവാദത്തിലേയ്ക്കൊന്നും തന്നെ പ്രവേശിക്കുന്നത് കേരളത്തിന്റെ താല്പര്യത്തിന് ഗുണമുള്ളതല്ല. അതുകൊണ്ട് പ്രതിപക്ഷ നേതാവ് പ്രകടിപ്പിച്ച വികാരത്തോട് യോജിച്ചുകൊണ്ട് ഞാൻ ഈ പ്രമേയം അവതരിപ്പിക്കുകയാണ്. അത് ഈ സഭ ഐകകണ്ഠ്യേന അംഗീകരിക്കണമെന്ന് ഗവൺമെന്റിന് ആഗ്രഹമുണ്ട്. അതിന് പ്രതിപക്ഷവും സഹകരിക്കണമെന്ന് വളരെ വിനീതമായി അഭ്യർത്ഥിക്കുന്നു. പ്രമേയം ഞാൻ വായിക്കാം. 2000-2001 വർഷത്തേയ്ക്കുള്ള റെയിൽവേ ബഡ്ജറ്റിൽ ക്രൂരമായ അവഗണനയാണ് കേരളത്തോട് കാണിച്ചിട്ടുള്ളത്. ഇതിൽ കേരളത്തിലെ ജനങ്ങളുടെ പേരിൽ കേരള നിയമസഭ ശക്തമായി പ്രതിഷേധിക്കുന്നു. കേരളത്തിന്റെ റെയിൽവേ വികസന പദ്ധതികൾക്ക് ആവശ്യമായ തുക വകയിരുത്തണമെന്ന് ആവശ്യപ്പെടുകയും ചെയ്യുന്നു. കേരളത്തിന് നീതി ലഭിക്കുവാൻ വേണ്ട നടപടികൾ ഉടനടി സ്വീകരിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് കേരള നിയമസഭ അഭ്യർത്ഥിക്കുന്നു.

പ്രമേയം സഭ ഐകകണ്ഠ്യേന അംഗീകരിച്ചു.

സ്പീക്കറുടെ അനുമോദനം

മി. സ്പീക്കർ : ഈ പ്രമേയം നിയമസഭയുടെ വികാരമായിട്ടുതന്നെ ഏകകണ്ഠമായി സഭ അംഗീകരിച്ചിരിക്കുന്നു. അതോടൊപ്പം തന്നെ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിയും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും പറഞ്ഞു. റെയിൽവേ ബഡ്ജറ്റ് വന്നസമയത്ത് സ്പൊണ്ടേനിയസ് ആയിട്ടുള്ള ഒരു പ്രതികരണം മുൻപൊരിക്കലും ഉണ്ടാകാത്ത നിലയിൽ നമ്മുടെ പാർലമെന്റ് അംഗങ്ങൾ ഒറ്റക്കെട്ടായി പ്രകടിപ്പിച്ചു എന്ന് അതൊരു പുതിയ അനുഭവം തന്നെയാണ്. അങ്ങനെ ശക്തമായി, ഒറ്റക്കെട്ടായി നിന്നുകൊണ്ട് പ്രതിഷേധിച്ച് മുന്നോട്ടുവന്ന കേരളത്തിലെ മുഴുവൻ എം.പി.മാരേയും നിയമസഭയ്ക്കുവേണ്ടി ഞാൻ അനുമോദിക്കുന്നു. ഈ പ്രമേയം ഇന്നുതന്നെ ഡെൽഹിയിൽ സ്പെഷ്യൽ മെസഞ്ചർ വഴി റെയിൽവേ വകുപ്പുമന്ത്രിക്കും അതുപോലെ തന്നെ പ്രധാനമന്ത്രിക്കും എത്തിച്ചു കൊടുക്കുന്നതാണ്. അതോടൊപ്പം അതിന്റെ കോപ്പി കേരളത്തിലെ എല്ലാ എം.പി.മാർക്കും എത്തിച്ചുകൊടുക്കുന്നതാണ് എന്നകാര്യം ജനങ്ങളെ അറിയിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഇതിൽ ശ്രീ. കെ.സി. വേണുഗോപാൽ, ശ്രീ. എം.വി. ജയരാജൻ എന്നിവരുടെ രണ്ട് സബ്മിഷൻ ഇവിടെ വന്നിരുന്നു. അതും ആ പ്രമേയം കവർ ചെയ്തുകൊണ്ട് അതിന് പ്രസക്തിയില്ല..... ബഹളം.....

IV. സബ്മിഷൻ തുടർച്ച

(3) കോഴിക്കോട് പന്നിയങ്കര റെയിൽവേ ഓവർ ബ്രിഡ്ജ്

ശ്രീ. എളമരം കരീം : സർ, കോഴിക്കോട് നഗരത്തിൽ പന്നിയങ്കര റെയിൽവേ ഗേറ്റിന് ഓവർബ്രിഡ്ജ് പണിയണമെന്ന ആവശ്യം വളരെക്കാലമായി തദ്ദേശവാസികൾ ഉന്നയിച്ചുവരുന്നു. ഈ ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽ വരികയും 625 ലക്ഷം രൂപക്കുള്ള ഒരു എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. പി.ഡബ്ല്യു.ഡി.തയ്യാറാക്കിയ അലൈൻമെന്റും റെയിൽവേ അപ്രൂവ് ചെയ്ത് നൽകിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ പാലം നിർമ്മിക്കേണ്ട സ്ഥലത്ത് സോയിൽ ടെസ്റ്റ് നടത്തി ഡീറ്റെയിൽഡ് എസ്റ്റിമേറ്റുണ്ടാക്കാനുള്ള നടപടികൾ വരെ എത്തിനിൽക്കുകയാണ്. നാലുവർഷമായി ഈ ആവശ്യം സഭയിൽ ഞാൻ ഉന്നയിക്കുകയാണ്. അടിയന്തിരമായി ഈ മേൽപ്പാലത്തിന്റെ പ്രവൃത്തി ആരംഭിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മരാമത്തു വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, കോഴിക്കോട് പന്നിയങ്കര റെയിൽവേ ഓവർബ്രിഡ്ജ് നിർമ്മാണത്തിന് 27-5-99-ൽ സർക്കാരിൽ നിന്നും 625 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സംസ്ഥാന സർക്കാരും റെയിൽവേയും തമ്മിലുണ്ടാക്കിയ പ്രാഥമിക ധാരണപ്രകാരം പ്രസ്തുത പണിച്ചെലവു പങ്കിടൽ അടിസ്ഥാനത്തിലായിരുന്നു ചെയ്യേണ്ടിയിരുന്നത്. എന്നാൽ നിലവിലുള്ള ലെവൽക്രോസ് ഡോപ്പോസിറ്റ് വർക്കായി പണിതിട്ടുള്ളതിനാൽ പകരം നിർമ്മിക്കുന്ന ഓവർബ്രിഡ്ജും ഡെപ്പോസിറ്റ് വ്യവസ്ഥയിൽ മാത്രമേ നിർമ്മിക്കാൻ കഴിയുകയുള്ളുവെന്ന് റെയിൽവേ പിന്നീട് അറിയിക്കുകയുണ്ടായി. നടപ്പുവർഷം 25 ലക്ഷം രൂപ പ്രസ്തുത പണിക്ക് വകയിരുത്തിയിട്ടുണ്ട്. റെയിൽവേയും സംസ്ഥാന മരാമത്തുവകുപ്പും സംയുക്തമായി സ്ഥലം പരിശോധിക്കുകയും അതിൻപ്രകാരം അലൈൻമെന്റ് പ്ലാൻ റെയിൽവേ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പണി ഡെപ്പോസിറ്റ് വർക്കായി മാത്രമേ ചെയ്യാൻ കഴിയുകയുള്ളു. എന്ന റെയിൽവേയുടെ നിർദ്ദേശം സംസ്ഥാന സർക്കാർ പരിശോധിച്ചു വരികയാണ്. റെയിൽവേ എടുക്കുന്ന നിലപാട് എന്താണെന്ന് നോക്കാതെ റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ആ വർക്കിന്റെ പണി ഏറ്റെടുക്കുന്നതാണ്. അതിൽ ഒരുകാര്യമേയുള്ളു. ഈ അലൈൻമെന്റ് പ്രകാരമുള്ള സ്ഥലം ലഭ്യമായിരിക്കണം. സ്ഥലം ലഭ്യമായിട്ടുണ്ടെങ്കിൽ ഏറ്റവും വേഗം വർക്ക് ടെണ്ടർചെയ്ത് പണികൾ ആരംഭിക്കുന്നതാണ്.

ശ്രീ. ടി.എം. ജേക്കബ് : സർ, എനിക്ക് ഒരു കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത് നമ്മുടെ സഭയിൽ ഇപ്പോൾ നടക്കുന്ന കാര്യങ്ങളെ സംബന്ധിച്ച് ഞാൻ തർക്കിക്കാൻ പോകുന്നില്ല. ഇവിടെ റൂൾ 300 അനുസരിച്ച് ഒരു സ്റ്റേറ്റ്മെന്റ് വന്നു. അതിനെത്തുടർന്ന് ഒരു റെസല്യൂഷൻ അഡോപ്റ്റ് ചെയ്തു. ചട്ടപ്രകാരം നമുക്കിതൊക്കെ ചെയ്യാൻ സാധിക്കും. വലരെ പ്രാധാ

LIBRARY ARCHIVES Kerala Legislative Assembly